21 (1121) പോളച്ചിറയിൽ മത്സ്യക്കൃഷി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിലെ 'പോളച്ചിറ'യിൽ മത്സ്യക്കൃഷി ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉദ്ദേശം 50 ഏക്കറോളം വിസ്തീർണ്ണമുള്ള പ്രസ്തുത ചിറ വികസിപ്പിക്കുന്നതിന് ആവശ്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ;

(സി) പ്രസ്തുത ചിറയിൽ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള മത്സ്യക്കുളങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് ഡയറക്ടറും മറ്റുദ്യോഗസ്ഥന്മാരും സ്ഥലം സന്ദർശിച്ച് ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) വളരെയേറെ വികസന സാദ്ധ്യതകളുള്ള പ്രസ്തുത ചിറയുടെ വികസനത്തിന് പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുമോ?

ഉത്തരം

(എ) കുളനട ഗ്രാമപഞ്ചായത്തിലെ 'പോളച്ചിറ'യിൽ മത്സ്യക്കൃഷി ആരംഭിക്കുന്നതിനായി ജലാശയം വൃത്തിയാക്കുന്ന പണികൾ നടന്നുകൊണ്ടിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷംതന്നെ മത്സ്യക്കൃഷി ആരംഭിക്കുന്നതാണ്.

(ബി) 30 ഏക്കറോളം വിസ്തീർണ്ണമുള്ള 'പോളച്ചിറ'യുടെ സമഗ്രമായ വികസനത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ 20.2.99-ൽ സ്ഥലം എം. എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ ഫിഷറീസ് ഡയറക്ടർ അടക്കമുള്ള വകുപ്പുദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് കൊല്ലം ഹാർബർ എൻജിനീയറിംഗ് സൂപ്രണ്ടിംഗ് എൻജിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) മത്സ്യക്കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി നൽകുവാൻ ഹാർബർ എൻജിനീയറിംഗ് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പദ്ധതി തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സമർപ്പിക്കുന്നതാണ്.

22 (1122) തണ്ണീർമുക്കം ബണ്ടുമൂലം കുറയുന്ന മത്സ്യസമ്പത്ത്

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർമുക്കം ബണ്ടുമൂലം വേമ്പനാട് കായലിലെ മത്സ്യസമ്പത്തും കക്കയും കുറഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിന് എപ്രകാരം പരിഹാരം കാണുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിലേയ്ക്കായി കേന്ദ്ര ഫിഷറീസ് വിദഗ്ധസംഘം നടത്തിയ പഠനറിപ്പോർട്ട് ലഭിച്ചാലുടനെ നടപടി സ്വീകരിക്കുന്നതാണ്.

23 (1124) മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) മത്സ്യഫെഡിൽ ഇപ്പോൾ അഫിലിയേഷൻ നൽകിയിട്ടുള്ള സംഘങ്ങളെത്ര;

(ഡി) ഇനി അഫിലിയേഷൻ നൽകാൻ എത്ര സംഘങ്ങൾ മത്സ്യഫെഡിൽ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് ഇന്ന് കൊടുക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) പ്രാഥമിക തലത്തിൽ 855 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളും ജില്ലാതലത്തിൽ 5 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രാഥമിക തലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ

തിരുവനന്തപുരം	–	99
കൊല്ലം	–	104
ആലപ്പുഴ	–	169
കോട്ടയം	–	38
പത്തനംതിട്ട	–	8
എറണാകുളം	–	125
തൃശ്ശൂർ	–	65
ഇടുക്കി	–	4
പാലക്കാട്	–	7
കോഴിക്കോട്	–	86
മലപ്പുറം	–	79
കണ്ണൂർ	–	34

LIBRARY ARCHIVES Kerala Legislative Assembly